Farmers FIRST Programme (FFP)

# കാച്ചിൽ

## മാസത്തിലെ കൃഷിപ്പണികൾ





| മാസം | കൃഷിപ്പണികൾ |
| --- | --- |
| ജനുവരി | വിളവെടുപ്പ് തുടരുന്നു |
| ഫെബ്രുവരി | വിളവെടുപ്പ് തുടരുന്നു. വിത്ത് സംരക്ഷണം |
| മാർച്ച് | വിത്ത് സംരക്ഷണം |
| ഏപ്രിൽ | ഈ മാസമാണ് നടാൻ അനുയോജ്യം. നല്ല മഴ കിട്ടുന്നതോടെ കാച്ചിൽ നടാം. 15-20 സെ.മീ താഴ്ചയിൽ കിളച്ച് നിലമൊരുക്കി പാകപ്പെടുത്തി 45 സെ.മീ നീളവും വീതിയും താഴ്ചയുമുള്ള കുഴികൾ എടുക്കുക. നടുന്നതിനുള്ള കുഴികളിൽ മുക്കാൽ ഭാഗത്തോളം മേൽമണ്ണും കാലിവളവും ഇട്ട് കൂനയായി രൂപപ്പെടുത്തണം. നടീൽ |


ഐ.സി.എ.ആർ - കേന്ദ്ര തോട്ടവിള ഗവേഷണ സ്ഥാപനം

ICAR - CENTRAL PLANTATION CROPS RESEARCH INSTITUTE

भाकृअनुप - केन्द्रीय रोपण फसल अनुसंधान संस्थान

An ISO 9001:2008 Certified Institute

Kudlu P.O, Kasaragod -671124, Kerala, India

Phone: 04994 232893 - 95, 233090, 232333 (Director); Fax: 04994 232322

E-mail: cpcri@nic.in, website: www.cpcri.gov.in

വസ്തുക്കൾ 250-300 ഗ്രാം തൂക്കം വരുന്ന മുറിച്ച കിഴങ്ങു കഷണങ്ങളാണ്. മുറിച്ച കിഴങ്ങു കഷണങ്ങൾ കൂനകളിൽ ...........സെ.മീ അകലത്തിൽ നടണം. ഒരു സെന്റിൽ ഏകദേശം 35-40 ചുവടുകൾ വരെ നടാം. 12-15 കി.ഗ്രാം എന്ന തോതിൽ കാലിവളമോ കമ്പോസ്റ്റോ ഇടാം. കിഴങ്ങുകൾ നട്ടതിന് ശേഷം പുതയിടീൽ നടത്തണം. വേഗത്തിൽ മുള പൊട്ടുന്നതിനും മണ്ണിലെ ഊഷ്മാവ് നിയന്ത്രിക്കുന്നതിനും കളകളെ അകറ്റി നിർത്താനും പുതയിടീൽ അത്യന്താപേക്ഷിതമാണ്.

| | |
|---|---|
| **മെയ്** | ഈ മാസവും കാച്ചിൽ നടാം. കാച്ചിൽ മുളച്ച് (45-50 ദിവസം) ഒരാഴ്ച്ചയ്ക്കകം ആദ്യ മേൽ വളമായി 350 ഗ്രാം യൂറിയ, 1.2 കിഗ്രാം രാജ്ഫോസ്, 270 ഗ്രാം മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് ഒരു സെന്റിന് എന്ന തോതിൽ നൽകാവുന്നതാണ്. കളകൾ നീക്കം ചെയ്യുക. മുള പൊട്ടി 15 ദിവസം കഴിഞ്ഞ് കയറുപയോഗിച്ച് കാച്ചിൽ വള്ളികളെ താങ്ങുകളിലേക്ക് പടർത്തണം. |
| **ജൂൺ** | ഈ മാസത്തിൽ മേൽവളമായി യൂറിയ 350 ഗ്രാം, മ്യൂറിയേറ്റ് ഓഫ് പൊട്ടാഷ് 270 ഗ്രാം ഒരു സെന്റിന് എന്ന തോതിൽ നൽകാവുന്നതാണ്. |
| **ജൂലൈ** | സസ്യ സംരക്ഷണം. കള - കീട-രോഗ നിയന്ത്രണം. |
| **ആഗസ്റ്റ്** | സസ്യ സംരക്ഷണം. കള - കീട-രോഗ നിയന്ത്രണം. |
| **സെപ്റ്റംബർ** | സസ്യ സംരക്ഷണം. കള - കീട-രോഗ നിയന്ത്രണം. |
| **ഒക്ടോബർ** | കള-കീട-രോഗ നിയന്ത്രണം |
| **നവംബർ** | കള-കീട-രോഗ നിയന്ത്രണം |

| കീടം/രോഗം | ലക്ഷണങ്ങൾ | നിയന്ത്രണം |
|---|---|---|
| **ശൽക്ക പ്രാണികൾ** | പ്രാണികൾ കിഴങ്ങുകളുടെ ഉപരിതലത്തിൽ പറ്റിപ്പിടിച്ചിരിക്കുന്നതായി കാണാം. ആക്രമണം രൂക്ഷമാകുമ്പോൾ കിഴങ്ങുകൾ ചാരനിറമായി മാറുന്നു. | ഒരു ലി.വെള്ളത്തിൽ 7 മില്ലി വേപ്പെണ്ണയും 3 മില്ലി സോപ്പു ലായനിയും കൂടി ചേർത്ത് ഇളക്കുക. നടുന്നതിന് മുമ്പായി വി ത്ത് 10 മിനുട്ട് ഈ ലായനിയിൽ മുക്കി വയ്ക്കുക. |
| **രോഗങ്ങൾ** | ഇലകളിൽ ചെറിയ പൊട്ടുകളായി ഈ രോഗം പ്രത്യക്ഷപ്പെടുകയും ശേഷം ഇവ വ്യാപിച്ച് ഇലയും വളളിയും കരിയുകയും ചെയ്യും. | വിള പരിക്രമണം, ആരോഗ്യമുള്ള നടീൽ വസ്തുക്കളുടെ ഉപയോഗം എന്നിവ വഴി രോഗം നിയന്ത്രിക്കാം. മാങ്കോസെബ് 2 മില്ലി ഒരു ലി. വെള്ളത്തിൽ കലക്കിയോ കാർബെണ്ടാസിം ഒരു മില്ലി ഒരു ലി.വെള്ളത്തിൽ കലക്കിയോ ചെടികൾക്ക് തളിച്ചു കൊടുക്കാം. |


Published by :
Dr. P. Chowdappa, Director, ICAR-CPCRI, Kasaragod
Dr. V. Krishnakumar, Head, ICAR-CPCRI, R.S, Kayamkulam

Compiled by :
Dr. Madhuri G. (Veterinary Surgeon, Pathiyur)

Edited by :
Anithakumari. P.

Farmers FIRST Project
Funded by
Indian Council of Agricultural Research (ICAR)
FFP being implimented in Pathiyoor Panchayath, Alappuzha Dist., Kerala with participation and involvement of the Panchayath committee, Farmer leaders, Women SHGs, Rural youths and the farming community

Agriesearch with a human touch

March 2017
1000 copies